മലയാള മനോരമ 17 December 2016

# ബംഗ്ലദേശ് മത്സ്യമേഖലയ്ക്ക് സഹായവുമായി സിഎംഎഫ്ആർഐ

കൊച്ചി • ബംഗ്ലദേശ് മത്സ്യമേഖലയ്ക്കു കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) സാങ്കേതിക സഹായം. മത്സ്യസമ്പത്തിന്റെ സുസ്ഥിര വിനിയോഗത്തിന് ആവശ്യമായ മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനാണു സിഎംഎഫ്ആർഐ ബംഗ്ലദേശിലെ ഫിഷറീസ് ഉദ്യോഗസ്ഥർക്കു സാങ്കേതിക പരിജ്ഞാനം നൽകിയത്.

ഫിഷറീസ് മേഖലയിൽ പരസ്പര സഹകരണത്തിനായി രൂപീകരിച്ച ഇന്ത്യ-ബംഗ്ലദേശ് സംയുക്ത പ്രവർത്തന സമിതിയുടെ നിർദേശങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായാണു സിഎംഎഫ്ആർഐയുടെ സഹായം.

മത്സ്യ സമ്പത്തിന്റെ പരിപാലനത്തിന് ഏറെ പ്രാധാന്യമുള്ള മത്സ്യവംശ സംഖ്യ നിജപ്പെടുത്തുന്നതിൽ വൈദഗ്ധ്യമുള്ളവരെ വാർത്തെടുക്കുന്നതിനു വേണ്ടി ബംഗ്ലദേശിലെ തിരഞ്ഞെടുക്കപ്പെട്ട 12 ഫിഷറീസ് ഉദ്യോഗസ്ഥർക്കു സിഎംഎഫ്ആർഐ പരിശീലനം നൽകി.

ഇന്ത്യ-ബംഗ്ലദേശ് സംയുക്ത പ്രവർത്തന സമിതിക്കു നേതൃത്വം നൽകുന്ന കേന്ദ്ര മൃഗസംരക്ഷണ ക്ഷീരവികസന ഫിഷറീസ് മന്ത്രാലയം നിർദേശിച്ചതനുസരിച്ച് ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷനുമായി (ബിഒബിപി-ഐജിഒ) ചേർന്നായിരുന്നു പരിശീലന പരിപാടി.

ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ, പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. ഇ.എം. അബ്ദുസമദ്, ഡോ. സോമി കുര്യാക്കോസ്, ഡോ. ശോഭ ജോ കിഴക്കൂടൻ എന്നിവർ നേതൃത്വം നൽകി.